# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

കെ. എൻ. വേണുഗോപാലൻ കർത്ത
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 2731020, 2732650,
മൊബൈൽ: 9846720402

പി.ആർ.ഒ/35/44/2017 പത്രക്കുറിപ്പ് 2017 ഫെബ്രുവരി 28

**ഓഫ് കാമ്പസ് പരീക്ഷകളുടെ അപേക്ഷാതീയതി**

2017 ഏപ്രിൽ മെയ്യ് മാസങ്ങളിൽ നടക്കുന്ന ഓഫ് കാമ്പസ് പരീക്ഷകളുടെ അപേക്ഷാ തീയതി താഴെ കൊടുക്കുന്നു.

എം.എ (ഇംഗ്ലീഷ്/സോഷ്യോളജി/മൾട്ടീമീഡിയ), എം.എസ്സി(മാത്തമാറ്റിക്സ്/ഇൻഫർമേഷൻ ടെക്നോളജി), എം.കോം, എം.ബിഎ, എൽ.എൽ.എം (ആന്വൽ സ്കീം/സെമസ്റ്റർ) (2013 മുതലുള്ള അഡ്മിഷൻ സപ്ലിമെന്ററി/2013 ന് മുൻപുള്ള അഡ്മിഷൻ മേഴ്സിചാൻസ്) എം.സി.എ (അഞ്ച് ആറ് സെമസ്റ്റർ 2014 റഗുലർ അഡ്മിഷൻ/2012 & 2013 അഡ്മിഷൻ - 1 മുതൽ 6 വരെ സെമസ്റ്റർ സപ്ലിമെന്ററി, 2014 അഡ്മിഷൻ - 1 മുതൽ 4 വരെ സെമസ്റ്റർ സപ്ലിമെന്ററി/2007/2012/2007 - 2010 ന് മുൻപുള്ള അഡ്മിഷൻ/2011 മുതലുള്ള അഡ്മിഷൻ മേഴ്സിചാൻസ്)/ബി.ബി.എ/ബി.എസ്സി. കംപ്യൂട്ടർസയൻസ്, അപ്പാരൽ ഡിസൈൻ & ഫാഷൻടെക്നോളജി/ ബി.എഫ്.റ്റി/ബി.റ്റി.എസ്, ബി.സി.എ, ബി.കോം, ബി.എ ആനിമേഷൻ&ഗ്രാഫിക് ഡിസൈൻ, ബി.എൽ.ഐ.എസ്സി. (റഗുലർ/സപ്ലിമെന്ററി/മേഴ്സി ചാൻസ്)ഡിഗ്രി പരീക്ഷകൾക്ക് പിഴയില്ലാതെ മാർച്ച് 9 വരെയും 50 രൂപ പിഴയോടെ 10 വരെയും 500 രൂപ സൂപ്പർ ഫൈനോടെ 13 വരെയും അപേക്ഷിക്കാം. ആദ്യത്തെ മേഴ്സിചാൻസിന് അപേക്ഷിക്കുന്നവർ 5000 രൂപയും രണ്ടാമതെഴുതുന്നവർ 7000 രൂപയും നിശ്ചിത പരീക്ഷാഫീസിനും സി.വി ക്യാമ്പ് ഫീസിനും പുറമേ അടക്കണം. 2012 മുതലുള്ള അഡ്മിഷൻ വിദ്യാർത്ഥികൾ ഓൺലൈനായി ബന്ധപ്പെട്ട കേന്ദ്രങ്ങൾ മുഖേന രജിസ്റ്റർ ചെയ്യണം. അവസാന വർഷ/സെമസ്റ്റർ റഗുലർ വിദ്യാർത്ഥികൾ പ്രൊവിഷണൽ സർട്ടിഫിക്കറ്റിനായി 100 രൂപ (വിദേശം-യു.എസ് ഡോളർ 10) അടക്കണം. പരീക്ഷാതീയതി പിന്നീട്. വിശദവിവരങ്ങൾ സർവ്വകലാശാലാ വെബ്ബ്സൈറ്റിൽ ലഭ്യമാണ്.

**പ്രാക്ടിക്കൽ പരീക്ഷ**

2017 ജനുവരി, ഫെബ്രുവരി മാസങ്ങളിൽ നടത്തിയ ഒന്നാം സെമസ്റ്റർ ഡി.ഡി എം.സി.എ (2016 അഡ്മിഷൻ റഗുലർ/2014 & 2015 അഡ്മിഷൻ സപ്ലിമെന്ററി) ഡിഗ്രി പരിക്ഷകളുടെ പ്രാക്ടിക്കൽ മാർച്ച് 6 മുതൽ നടത്തും. വിശദമായ ടൈംടേബിൾ യൂണിവേഴ്സിറ്റി വെബ്ബ്സൈറ്റിൽ ലഭ്യമാണ്.

2017 ജനുവരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എസ്സി. ഹോം സയൻസ് പരിക്ഷകളുടെ പ്രാക്ടിക്കൽ മാർച്ച് 2 മുതൽ അതാത് കോളേജിൽ വച്ച് നടത്തും.

**പരീക്ഷാഫലം**

2016 നവംബറിൽ നടത്തിയ രണ്ടാം വർഷ ബി.എസ്സി മെഡിക്കൽ റേഡിയോളജിക്കൽ ടെക്നോളജി (റഗുലർ/സപ്ലിമെന്ററി) ഡിഗ്രി പരിക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യ നിർണയത്തിനുമുള്ള അപേക്ഷകൾ മാർച്ച് 10 വരെ സ്വീകരിക്കും.

ഇന്റർയൂണിവേഴ്സിറ്റി സെന്റർ ഫോർ സോഷ്യൽസയൻസ് റിസർച്ച് ആൻഡ് എക്സ്റ്റൻഷൻ 2016 ഓഗസ്റ്റിൽ നടത്തിയ പി.എച്ച്.ഡി കോഴ്സ് വർക്ക് (സി.എസ്.എസ്) പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി.

സ്ക്കൂൾ ഓഫ് ബിഹേവിയറൽ സയൻസസ് 2016 സെപ്റ്റംബർ മാസത്തിൽ നടത്തിയ പി.എച്ച്.ഡി കോഴ്സ് വർക്ക് (സി.എസ്.എസ്) പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി.

**പി.എച്ച്.ഡി കോഴ്സ് വർക്ക്**

2016 പി.എച്ച്.ഡി അഡ്മിഷനുമായി ബന്ധപ്പെട്ട കോഴ്സ് വർക്ക് ഇന്ന് (മാർച്ച് 1) ആരംഭിക്കും. രജിസ്ട്രേഷൻ ഓർഡർ ലഭിക്കാത്ത വിദ്യാർത്ഥികൾ സർവ്വകലാശാലാ വെബ്ബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യേണ്ടതാണ്.

**പി.എസ്.സി-സ്റ്റാഫ് നഴ്സ് പരീക്ഷാപരിശീലനം**

പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന സ്റ്റാഫ് നഴ്സ് ഗ്രേഡ്-2 പരീക്ഷയ്ക്കുള്ള പരിശീലനം മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോയിൽ മാർച്ച് മാസത്തിൽ ആരംഭിക്കുന്നു. പരിശീലനത്തിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർ കോഴ്സ് ഫീസായ 2000/- രൂപയടച്ച് പേര് രജിസ്റ്റർ ചെയ്യണം. പട്ടികജാതി/പട്ടികവർഗ്ഗ/വികലാംഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക്

50% ഫീസിളവ്. കൂടുതൽ വിവരങ്ങൾക്ക് യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോയുമായി ബന്ധപ്പെടുക. ഫോൺ : 0481 2731025

**പ്ലാന്റ് സയൻസിന്റെ ദ്വിദിന ശില്പശാലയ്ക്ക് തുടക്കം കുറിച്ചു.**

എം.ജി സർവ്വകലാശാലയിലെ പ്ലാന്റ് സയൻസ് വിഭാഗം നടത്തുന്ന ക്രിയേറ്റിവ് റൈറ്റിംഗ് ഫോർ ടാപ്പിങ്ങ് ഫണ്ടിങ്ങ് റിസോഴ്സസ് & ഇഫക്ടീവ് പബ്ലിക്കേഷൻ എന്ന ദ്വിദിന ശില്പശാല വൈസ്ചാൻസിലർ ഡോ : ബാബു സെബാസ്റ്റ്യൻ ഉദ്ഘാടനം ചെയ്തു.

ചടങ്ങിൽ സിൻഡിക്കേറ്റംഗം ഡോ : പി.കെ. പത്മകുമാർ, പ്രൊഫ : ഡോ : എം.എസ്. ലത, പ്രൊഫ : ഡോ : ടി.ആർ. കീർത്തി, പ്രൊഫ : ഡോ : എം.എസ്. ജിഷ, എസ്. ശരത്ചന്ദ്രൻ എന്നിവർ പങ്കെടുത്തു.

**മഹാത്മാഗാന്ധി സർവ്വകലാശാല പ്ലെയ്സ്മെന്റ് ആന്റ് ട്രെയിനിംഗ് സെൽ ഉദ്ഘാടനം**

മഹാത്മാഗാന്ധി സർവ്വകലാശാലാ പഠനവകുപ്പുകളിലും അഫിലിയേറ്റഡ് കോളേജുകളിലുമുള്ള വിദ്യാർത്ഥികൾക്ക് തൊഴിൽ ലഭിക്കുന്നതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും പരിശീലനങ്ങളും നല്കുന്നതിലേക്കായി മഹാത്മാഗാന്ധിസർവ്വകലാശാല രൂപീകരിച്ച പ്ലെയ്സ്മെന്റ് ആന്റ് ട്രെയിനിംഗ് സെല്ലിന്റെ ഔപചാരികമായ ഉദ്ഘാടനം ബസേലിയസ് കോളേജിൽ വച്ച് മഹാത്മാഗാന്ധി സർവ്വകലാശാലാ വൈസ്ചാൻസിലർ ഡോ : ബാബു സെബാസ്റ്റ്യൻ നിർവ്വഹിച്ചു. ഉദ്ഘാടന പ്രസംഗത്തിൽ കഠിന പരിശ്രമത്തിലൂടെ ഏതു പ്രതിസന്ധികളെയും തരണം ചെയ്തുകൊണ്ട് ലക്ഷ്യത്തിലേക്കെത്തിച്ചേരുവാൻ വിദ്യാർത്ഥികൾക്ക് സാധിക്കുമെന്നും അതിലേക്കുള്ള ഒരു പ്രാരംഭഘട്ട സഹായമാണ് ഈ പരിപാടിയിലൂടെ എം.ജി യൂണിവേഴ്സിറ്റി ഉദ്ദേശിക്കുന്നതെന്നും വി.സി. കൂട്ടിച്ചേർത്തു. എം.ജി യൂണിവേഴ്സിറ്റി സിൻഡിക്കേറ്റംഗം പ്രൊഫ : ടോമിച്ചൻ ജോസഫിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ ഡോ : ജോണി ജോൺസൺ. ഡോ : എ. ജോസ്, ബസേലിയസ് കോളേജ് പ്രിൻസിപ്പാൾ പ്രൊഫ : അലക്സാണ്ടർ വി. ജോർജ്ജ്, ഡോ : റോബിനെറ്റ് ജേക്കബ്, പ്രൊഫ : ഷിബു എം. ജോർജ്ജ് എന്നിവർ സംസാരിച്ചു.

**അടിക്കുറിപ്പ്**

എം.ജി സർവ്വകലാശാലയിലെ പ്ലാന്റ് സയൻസ് വിഭാഗം സംഘടിപ്പിച്ച ദ്വിദിന ശില്പശാല വൈസ്ചാൻസിലർ ഡോ : ബാബു സെബാസ്റ്റ്യൻ ഉദ്ഘാടനം ചെയ്യുന്നു.

മഹാത്മാഗാന്ധി സർവ്വകലാശാല പ്ലെയ്സ്മെന്റ് ആന്റ് ട്രെയിനിംഗ് സെൽ ഉദ്ഘാടനം ബസേലിയസ് കോളേജിൽ വൈസ്ചാൻസിലർ ഡോ : ബാബു സെബാസ്റ്റ്യൻ നിർവ്വഹിക്കുന്നു. സമീപം പ്രൊഫ : ടോമിച്ചൻ ജോസഫ്, ഡോ : ജോണി ജോൺസൺ, ഡോ : എ. ജോസ്, പ്രൊഫ : അലക്സാണ്ടർ വി. ജോർജ്ജ്, ഡോ : റോബിനെറ്റ് ജേക്കബ്, പ്രൊഫ : ഷിബു എം. ജോർജ്ജ് എന്നിവർ

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**